**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4876** **01-11-2021 - ൽ മറുപടിയ്ക്ക്**

**വിദ്യാകിരണം പദ്ധതിയുടെ ടെണ്ടറിൽ കമ്പനികൾ ആവശ്യപ്പെട്ട തുക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അബ്ദുൽ ഹമീദ് പി | | Shri V Sivankutty<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | ഡിജിറ്റൽ പഠനത്തിന് ശേഷിയില്ലാത്ത കുട്ടികൾക്ക് പഠനോപകരണങ്ങൾ നൽകാൻ ആവിഷ്കരിച്ച വിദ്യാകിരണം പദ്ധതിയുടെ ടെണ്ടറിൽ കമ്പനികൾ ആവശ്യപ്പെട്ട തുക സർക്കാർ നിശ്ചയിച്ച തുകയേക്കാൾ കൂടുതലാണോ; വ്യക്തമാക്കാമോ; | (എ) | വിദ്യാകിരണം പദ്ധതി പ്രകാരം വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ (ലാപ് ടോപ്പ്, ക്രോംബുക്ക്,ടാബ്ലറ്റ്) നൽകുന്നതിനായി ഐ.ടി.മിഷൻ ടെൻഡർ നടപടികൾ 19.08.2021 ന് ആരംഭിക്കുകയും 08.09.21 ന് Bid submission അവസാനിക്കുകയും ചെയ്തു. ലാപ് ടോപ്പ് നിർമ്മാതാക്കൾ സമർപ്പിച്ച തുക കൂടുതലായതിനാൽ റീടെണ്ടർ ചെയ്യുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. |
| (ബി) | അധികമായി തുക കണ്ടെത്തേണ്ട സാഹചര്യം എങ്ങനെ പരിഹരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ; | (ബി) | ബാധകമല്ല |
| (സി) | ടെക്നിക്കൽ കമ്മിറ്റിയടക്കം കൂടിനിശ്ചയിക്കുന്ന തുക വിപണി നിരക്കിനേക്കാൾ കുറവായ സാഹചര്യം വ്യക്തമാക്കാമോ? | (സി) | വിവരം ശേഖരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ